## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

എം.ജി.എൻ.ആർ.ഇ.ജി പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3517

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി. പി. മുഹമ്മദ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | എം.ജി.എൻ.ആർ.ഇ.ജി പദ്ധതി പ്രകാരം സാധന സാമഗ്രികൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതു വഴി കൃഷിക്കും, അനുബന്ധ മേഖലയിൽ ഉൽപ്പാദനവും വരുമാനദായകവുമായ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ എത്ര മാത്രം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക-1 പ്രകാരം അനുവദനീയമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തുകളുടെ ഉല്പാദന പശ്ചാത്തലമേഖലകളിൽ സ്ഥായിയായതും കൂടുതൽ ഗുണപരമായ ആസ്തികൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് തൊഴിലുറപ്പ് പദ്ധതിയിൽ, കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി, സാധന സാമഗ്രികൾ ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗമായ കാർഷിക അനുബന്ധ മേഖലകളിൽ പ്രയോജനപ്പെടുന്ന താഴെപറയുന്ന പ്രവൃത്തികൾ ഏറ്റെടുക്കുകവഴി വരുമാനദായക പ്രവർത്തനങ്ങളുടെ വ്യാപ്തി ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയും.<br>1. വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിന് കുറുകേ കയ്യാല നിർമ്മാണം (കോണ്ടൂർ ബണ്ടിംഗ്), ചരിവുള്ള പ്രദേശങ്ങളിൽ കിടങ്ങ് നിർമ്മാണം (കോണ്ടൂർ ട്രഞ്ചസ്), കല്ല് കയ്യാല (Bolder |

| | | | |
|---|---|---|---|
| | | | check), കല്ല് കെട്ടിനെ കമ്പി/കയർ വല ഉപയോഗിച്ചുള്ള ശക്തിപ്പെടുത്തൽ രീതി. (ഗാബിയോൺ സ്ട്രക്ച്ചർ), ഭൂഗർഭ നീരൊഴുക്ക് സംരക്ഷിക്കുന്ന അടിയണകളുടെ നിർമ്മാണം, (അണ്ടർ ഗ്രൗണ്ട് ഡൈക്ക്) മൺതടയണകൾ (എർത്തേൺ ഡാംസ്), തടയണകൾ (സ്റ്റോപ്പ് ഡാംസ്) നീരുറവകളുടെ സംരക്ഷണം, (സ്പ്രിംഗ് ഷെഡ് ഡവലപ്പ്മെന്റ്) എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്ന ജലസംരക്ഷണവും മഴകൊയ്ത്തും<br>2. വനസംരക്ഷണവും മരം വച്ച് പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും<br>3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ<br>4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, ഐ.എ.വൈ ഗുണഭോക്താക്കൾ, 2008 ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിക്കും പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, പരമ്പരാഗത വനവാസികൾ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, പഴകൃഷി, തോട്ടവിള, കുളം കുഴിക്കൽ, കൃഷിഭൂമിക്ക് ബണ്ട് ഒരുക്കൽ, ഭൂവികസനം എന്നീ പ്രവൃത്തികൾ<br>5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം<br>6. ഭൂവികസനം<br>7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്ക്ചാൽ നിർമ്മാണം, തീരപ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ചാലുകളുടെ നിർമ്മാണം തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും<br>ഇതുകൂടാതെ റോഡുകൾ, BNRGSK, NADEP, Composting & വെർമി |

| | | | |
|---|---|---|---|
| | | | കമ്പോസ്റ്റിംഗ്, പ്രവൃത്തികൾ, മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ആട്ടിൻകൂട്, കോഴിക്കൂട്, തൊഴുത്തിന് ഊടുറ്റതറ, യൂറിൻടാങ്ക്, പുൽത്തൊട്ടി, നിർമ്മാണ പ്രവൃത്തികൾ, ഫിഷ്ഡ്രയിംഗ് യാർഡുകൾ, ഗ്രാമീണ കുടിവെള്ളവുമായി ബന്ധപ്പെട്ട സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ്, സാനിറ്റേഷനുമായി ബന്ധപ്പെട്ട് ഗാർഹിക/അങ്കണവാടി സ്കൂൾ ടോയ്‌ലെറ്റുകൾ, ഖര-ദ്രവ മാലിന്യ നിയന്ത്രണ പ്രവൃത്തികൾ, അങ്കണവാടികളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | (സി) | തൊഴിലാവശ്യപ്പെടുന്ന തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതോടൊപ്പം ഗ്രാമപ്രദേശങ്ങളിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് പ്രവൃത്തികളിൽ സാധന സാമഗ്രികളുടെ ഉപയോഗം വളരെ കുറവാണ്. ഇത് പരിഹരിക്കുന്നതിനായി സാധന സാമഗ്രി കളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ തുടർന്ന് പഞ്ചായത്തുകളിൽ സാധനസാമഗ്രികളുടെ ഉപയോഗം ഉറപ്പാക്കുന്നതിനുള്ള സംഘടനാ സംവിധാനം രൂപീകരിക്കുകയും ബ്ലോക്ക്തല പ്രാദേശിക നിരക്കുകൾ നിർണ്ണയിക്കുന്ന പ്രക്രിയ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് നടപ്പ് വർഷം കൂടുതൽ സാധനസാമഗ്രികൾ സംസ്ഥാനത്ത് പഞ്ചായത്തുകൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ